# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.07.2026**

## പ്രധാനവാർത്തകൾ

1. 72-മത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച സിനിമ ഹിന്ദി ചിത്രം ആർട്ടിക്കിൾ 370. അമരൻ ചിത്രത്തിന് മികച്ച സംവിധായകനുള്ള പുരസ്കാരം.
2. ദേശീയ ചലച്ചിത്ര പുരസ്കാര നിറവിൽ മലയാളം; മികച്ച നടൻ മമ്മൂട്ടി. വൈക്കം വിജയലക്ഷ്മി മികച്ച ഗായിക, മികച്ച ഛായാഗ്രഹണം ഭ്രമയുഗത്തിന്, ഫെമിനിച്ചി ഫാത്തിമ മികച്ച മലയാള ചിത്രം.
3. ഇന്ത്യയുടെ ആദ്യത്തെ സ്വകാര്യ വികസിത ഓർബിറ്റൽ റോക്കറ്റായ വിക്രം-1 വിക്ഷേപണം വിജയകരം; ചരിത്ര നേട്ടത്തിൽ സ്കൈറൂട്ട് എയറോസ്പേസിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള പ്രമുഖർ.
4. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായുള്ള സർവകക്ഷി യോഗം നാളെ ന്യൂഡൽഹിയിൽ.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് ; ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. ഫിഫ ലോകകപ്പ് ലൂസേഴ്സ് ഫൈനൽ ഇന്ന് അർധരാത്രി; മൂന്നാം സ്ഥാനത്തിനായി ഫ്രാൻസും ഇംഗ്ലണ്ടും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&&

RNU TVPM

## ദേശീയ ചലച്ചിത്ര പുരസ്കാരം (ഇൻട്രോ)

72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരം പ്രഖ്യാപിച്ചു. മികച്ച സിനിമയ്ക്കുള്ള പുരസ്കാരം ഹിന്ദി ചിത്രം ആർട്ടിക്കിൾ 370 നേടി. മികച്ച സംവിധായകനുള്ള പുരസ്കാരം അമരൻ ചിത്രത്തിൻറെ സംവിധായകൻ രാജ് കുമാർ പെരിയസാമി കരസ്ഥമാക്കി. മികച്ച നടനുള്ള പുരസ്കാരം രണ്ടു പേർ പങ്കിട്ടു. ഭ്രമയുഗം എന്ന ചിത്രത്തിലെ അഭിനയ മികവിന് മമ്മൂട്ടിക്കും, ചന്തു ചാമ്പ്യൻ എന്ന ചിത്രത്തിലെ അഭിനയത്തിന് കാർത്തിക് ആര്യനും പുരസ്കാരം നേടി. മികച്ച നടിയായി യാമി ഗൗതം. മികച്ച മലയാള സിനിമയ്ക്കുള്ള പുരസ്കാരം ഫാസിൽ മുഹമ്മദ് സംവിധാനം ചെയ്ത ഫെമിനിച്ചി ഫാത്തിമയ്ക്ക് ലഭിച്ചു. മികച്ച ഛായാഗ്രഹണം ഭ്രമയുഗത്തിലെ ഷഹനാദ് ജലാലിന്. മികച്ച ഗായിക വൈക്കം വിജയലക്ഷ്മി.

(ഹോൾഡ്)

നോൺ ഫീച്ചർ ഫിലീം വിഭാഗത്തിൽ ഭദ്ര-കാളി നാടകത്തിന് പ്രത്യേക പരാമർശം നേടി. ഫീച്ചർ ഫിലിം വിഭാഗത്തിൽ തമിഴ് ചിത്രമായ മെയ്യഴകൻ പ്രത്യേക ജൂറി പരാമർശത്തിന് അർഹമായി. ന്യൂ ഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ ജൂറി ചെയർമാൻ ജയരാജ് ഉൾപ്പെടുന്ന സമിതിയാണ് പ്രഖ്യാപനം നടത്തിയത്.

RNUTVPM

&&&&&&&&&&&&&&&&&&

## വിക്രം - 1 (ഇൻട്രോ)

'ആഗമൻ' ദൗത്യത്തിന് കീഴിൽ, ഇന്ത്യയുടെ ആദ്യത്തെ സ്വകാര്യ വികസിത ഓർബിറ്റൽ റോക്കറ്റായ വിക്രം-1 വിക്ഷേപണം വിജയകരം. ഉപഗ്രഹങ്ങളെ 450 കിലോമീറ്റർ ഭ്രമണപഥത്തിൽ എത്തിച്ചു. ശ്രീഹരിക്കോട്ടയിലുള്ള സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് ഇന്ന് ഉച്ചയ്ക്ക് 12.05-നായിരുന്നു റോക്കറ്റിന്റെ വിക്ഷേപണം. ഇതോടെ, സ്വകാര്യ ഓർബിറ്റൽ വിക്ഷേപണ ശേഷി കൈവരിക്കുന്ന ലോകത്തിലെ മൂന്നാമത്തെ രാജ്യമായി ഇന്ത്യ മാറി. ബഹിരാകാശ മേഖലയിൽ സ്വയംപര്യാപ്തതയിലേക്കുള്ള ഇന്ത്യയുടെ

യാത്രയിലെ ഒരു പ്രധാന നാഴികക്കല്ലാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സ്കൈറൂട്ട് എയറോസ്പേസ് സി.ഇ.ഒ പവൻ കുമാർ ചന്ദന, സഹസ്ഥാപകൻ നാഗ ഭരത് ദാക എന്നിവരുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ ദൗത്യത്തിന്റെ വിജയത്തിന് പ്രധാനമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു. സ്കൈറൂട്ട് സംഘത്തെ നേരിട്ട് കാണാനും പ്രധാനമന്ത്രി ക്ഷണിച്ചു.

(ഹോൾഡ്-വോയ്സ്)

വന്ദേമാതരം" എന്ന സന്ദേശമുള്ള പോസ്റ്റ്കാർഡ് വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ചു. ഹൈദരാബാദ് ആസ്ഥാനമായുള്ള എയറോസ്പേസ് സ്റ്റാർട്ടപ്പായ സ്കൈറൂട്ട് എയറോസ്പേസ് രൂപകൽപ്പന ചെയ്ത് നിർമ്മിച്ച വിക്രം-1, ചെറിയ ഉപഗ്രഹങ്ങൾക്ക് കുറഞ്ഞ ചെലവിലും എളുപ്പത്തിലും വിക്ഷേപണ സേവനങ്ങൾ നൽകാൻ ഉദ്ദേശിച്ചുള്ളതാണ്. ഇന്ത്യൻ ബഹിരാകാശ പദ്ധതിയുടെ പിതാവായ ഡോ. വിക്രം സാരാഭായിയുടെ പേരാണ് ഇതിന് നൽകിയിരിക്കുന്നത്.

RNUTVPM

&&&&&&&&&&&&&&&&&&

## പാർലമെന്റ് - വർഷകാല സമ്മേളനം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി നാളെ ന്യൂഡൽഹിയിൽ സർവകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമ മായ പ്രവർത്തനം ഉറപ്പാക്കുന്നതിന് സർക്കാർ എല്ലാ രാഷ്ട്രീയ പാർട്ടി കളുടെയും സഹകരണം തേടും. മറ്റന്നാൾ മുതൽ അടുത്ത മാസം 13 വരെയാണ് വർഷകാല സമ്മേളനം നടക്കുക. സമ്മേളനത്തിനിടെ, നിരവധി സുപ്രധാന നിയമനിർമ്മാണങ്ങൾ ചർച്ചയ്ക്കെടുക്കുകയും പാസാക്കുകയും ചെയ്യും.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - വിഴിഞ്ഞം എക്സിം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് അടുത്തമാസം 18 മുതൽ സമ്പൂർണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് തുടക്കമാകും. ആദ്യ കയറ്റുമതി കണ്ടെയ്നർ മുഖ്യമന്ത്രി വി. ഡി. സതീശൻ ഫ്ളാഗ് ഓഫ് ചെയ്യും. ഇതോടെ സമ്പൂർണ അന്താരാഷ്ട്ര

ചരക്ക് കവാടമായി വിഴിഞ്ഞം മാറുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. ഇതോടനുബന്ധിച്ച് 'മിഷൻ സമുദ്ര' വ്യവസായ ഉച്ചകോടിയും സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

## മന്ത്രി ഷിബു ബേബി ജോൺ

വന്യജീവിആക്രമണത്തിൽ പരിഹാരം കാണേണ്ടത്

വനംവകുപ്പും കർഷകരും, തദ്ദേശ സ്ഥാപനങ്ങളും കൂടിയാണെന്ന് മന്ത്രി ഷിബു ബേബി ജോൺ. കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ പ്രതിനിധിയോഗം കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കർഷകരുടെ പ്രശ്നങ്ങളിൽ അനുതാപപൂർവ്വം ഇടപെടണമെന്നും അദ്ദേഹം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## വോട്ടർ പട്ടിക

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലെ വോട്ടർപട്ടിക പുതുക്കുന്നു. കരട് പട്ടിക ജൂലൈ 21 നും അന്തിമ പട്ടിക ഓഗസ്റ്റ് 19 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എൻ. ശേഷാദ്രിനാഥൻ അറിയിച്ചു. തിരഞ്ഞെടുത്ത അംഗങ്ങളുടെ അയോഗ്യത, രാജി, മരണം തുടങ്ങിയ കാരണങ്ങളാലുള്ള ആകസ്മിക ഒഴിവുകളിലേക്ക് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് പട്ടിക പുതുക്കുന്നത്. കരട് പട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് ജൂലൈ 21 മുതൽ ഓഗസ്റ്റ് 5 വരെ അപേക്ഷ നൽകാം.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം

RNU TVPM

ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

&&&&&&&&&&&&&&&&&&

## ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ

ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറായി പി.എസ് ശാന്തകുമാർ ചുമതലയേറ്റു. കേരള ഹൈക്കോടതി ദേവസ്വം ബെഞ്ചിന്റെ അനുമതിയോടെയാണ് നിയമനം. നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറായിരുന്നു.

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് , കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇടിമിന്നലിനും ശക്തമായ കാറ്റിനു സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&&&

## ഫിഫ (ഇൻട്രോ)

2026 ഫിഫ ലോകകപ്പ് അവസാന നാളിലേക്ക്. ആവേശകരമായ ഓർമ്മകൾ സമ്മാനിച്ച് ഒരു മഹാമേള കൂടി വിടപറയുമ്പോൾ, ലോകത്തിന്റെ കണ്ണുകൾ ഇനി 2030-ലേക്ക്. ഫുട്ബോളിന്റെ നൂറാം വാർഷിക ലോകകപ്പിനായുള്ള കാത്തിരിപ്പ് ആരംഭിക്കുകയാണ്.

ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട് .....

(വോയ്സ്)

&&&&&&&&&&&&&&&&&&

## <u>ഫിഫ -ലൂസേഴ്സ് ഫൈനൽ</u>

ഫിഫ ലോകകപ്പ് മൂന്നാം സ്ഥാനത്തിനായി ഫ്രാൻസും ഇംഗ്ലണ്ടും ഇന്ന് മിയാമി സ്റ്റേഡിയത്തിൽ ഏറ്റുമുട്ടും. ഇന്ത്യൻ സമയം പുലർച്ചെ 02:30-നാണ് ലൂസേഴ്സ് ഫൈനൽ മത്സരം ആരംഭിക്കുന്നത്. അതേസമയം, ഫിഫ ലോകകപ്പ് ഫൈനലിൽ അർജന്റീനയും സ്പെയിനും ന്യൂയോർക്ക്-ന്യൂജേഴ്സി സ്റ്റേഡിയത്തിൽ ഏറ്റുമുട്ടും. ഇന്ത്യൻ സമയം നാളെ രാത്രി 12:30-നാണ് ഫൈനൽ മത്സരം ആരംഭിക്കുക.

&&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&&&&&&&&&

RNU TVPM